സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

11 -ാം ശമ്പളം, പെൻഷൻ പരിഷ്ക്കരണങ്ങൾ - ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നിവയുടെ ബാക്കി തുക അനുവദിക്കുന്ന സംഗതി സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 2191/21/Est-I** നന്തൻകോട്, **03-01-2025**

---

പരാമർശം :- (1) 17-11-2022 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.

(2) 17-11-2022 ലെ ROC 2191/21/Est-I(ii) നമ്പർ ബോർഡുത്തരവ്.

(3) 11-09-2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.

(4) 13-09-2024 ലെ ROC 2191/21/Est-I നമ്പർ ബോർഡുത്തരവ്.

(5) WP(C) 22116 of 2023 (L) നമ്പർ ഹർജിയിലെ ബഹു: ഹൈക്കോടതിയുടെ 21-11-2024 ലെ ഉത്തരവ്.

(6) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 05-12-2024 ലെ DAO 706/24/E-1 നമ്പർ റിമാർക്സ്.

(7) WP(C) 22116 of 2023 നമ്പർ ഹർജിയിൽ ബഹു: ഹൈക്കോടതി 11-12-2024 ൽ പുറപ്പെടുവിച്ച ഉത്തരവ്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളും പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങളും 01-07-2019 മുതൽ പ്രാബല്യത്തിൽ അനുവദിച്ചു (പരാമർശം 1 & 2). പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളവും പെൻഷനും 01-01-2023 മുതൽ രൊക്കം പണമായി നൽകുന്നതിനും അനുമതി നൽകി.

തുടർന്ന് 01-07-2019 മുതൽ 31-12-2022 വരെയുള്ള കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് DCRG, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നിവ പരാമർശം 1, 2 എന്നിവയുടെ അടിസ്ഥാനത്തിലുള്ള ബാക്കി തുക 03/2025, 08/2025, 11/2025 എന്നീ മാസങ്ങളിൽ മൂന്ന് തുല്യ ഗഡുക്കളായി നൽകുന്നതിനും അനുവദിച്ചു (പരാമർശം - 3&4).

എന്നാൽ ഫിനാൻസ് കമ്മീഷണർ ആയിരുന്ന് 31-01-2021 ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ആർ.ജി. രാധാകൃഷ്ണൻ (ആർദ്രം, AERA -35, അരയല്ലൂർ, എള്ളുവിള നഗർ, തിരുമല. പി.ഒ, 695 006) ഫയൽ ചെയ്ത ഹർജിയിലുള്ള ബഹു:ഹൈക്കോടതിയുടെ ഉത്തരവിൽ(പരാമർശം -5),

...2

11-09-2024 ലെ ഉത്തരവ് (പരാമർശം -3) ബോർഡ് പുന:പരിശോധിക്കുന്നതിന് നിർദ്ദേശിച്ചു.

ബഹു: ഹൈക്കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ, പ്രസ്തുത സംഗതി സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി (പരാമർശം -6).

01-07-2019 മുതൽ 31-12-2022 വരെ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് പരിഷ്ക്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള DCRG, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നീ ആനുകൂല്യങ്ങൾ 2025 ഏപ്രിൽ മാസത്തിൽ ഒറ്റഗഡുവായി നൽകുന്നതിന് തീരുമാനിക്കാവുന്നതാണെന്ന് പരാമർശം (6) റിമാർക്സിലൂടെ ദേവസ്വം അക്കൗണ്ട്സ് ആഫീസർ അറിയിച്ചു.

എന്നാൽ ശ്രീ. ആർ.ജി. രാധാകൃഷ്ണൻ ഫയൽ ചെയ്ത ഹർജിയിൽ, ബഹു: ഹൈക്കോടതിയിൽ നിന്നും ഉണ്ടായ പരാമർശം (7) വിധിന്യായത്തിൽ ഹർജിക്കാരന്റെ പെൻഷന്റെ കമ്മ്യൂട്ടഡ് വാല്യുവിന്റെ വ്യത്യാസം മൂന്ന് ഗഡുക്കളായി ആറ് മാസക്കാലയളവിനുള്ളിൽ കൊടുക്കണമെന്നും ആദ്യ ഗഡു 31-01-2025 നോ അതിന് മുൻപോ കൊടുക്കണമെന്നും രണ്ടും മൂന്നും ഗഡുക്കൾ 31-03-2025, 31-05-2025 എന്നീ തീയതികളിലോ ടി തീയതികൾക്ക് മുൻപായോ കൊടുക്കണമെന്നും ടെർമിനൽ സറണ്ടർ 31-03-2025 നോ അതിനുമുൻപായോ കൊടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷനിൽ നിന്നും ആനുപാതിക തുക 31-05-2025 ന് ശേഷം മാത്രമെ കുറവ് ചെയ്യാവൂ എന്നും ടി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ബഹു: ഹൈക്കോടതിയുടെ വിധിന്യായവും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സും ബോർഡ് വിശദമായി പരിശോധിച്ചശേഷം ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

ഫിനാൻസ് കമ്മീഷണർ ആയിരുന്ന് 31-01-2021 ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ആർ.ജി. രാധാകൃഷ്ണന് പരാമർശം 1, 2 എന്നിവയുടെ അടിസ്ഥാനത്തിലുള്ള കമ്മ്യൂട്ടേഷന്റെ ബാക്കി തുക മൂന്ന് ഗഡുക്കളായി നൽകേണ്ടതാണ്. ഒന്നാം ഗഡു 31-01-2025 നോ അതിന് മുൻപായോ രണ്ടാം ഗഡു 31-03-2025 നോ അതിന് മുൻപായോ മൂന്നാം ഗഡു 31-05-2025 നോ അതിന് മുൻപായോ നൽകേണ്ടതാണ്.

ടിയാന്റെ ടെർമിനൽ സറണ്ടറിന്റെ ബാക്കി തുക 31-03-2025 നോ അതിന് മുൻപായോ നൽകേണ്ടതുമാണ്.

ശ്രീ. ആർ. ജി. രാധാകൃഷ്ണന്റെ പെൻഷനിൽ നിന്നും ആനുപാതിക തുക 31-05-2025 ന് ശേഷം മാത്രം കുറവ് ചെയ്യേണ്ടതാണ്.

....3

01–07–2019 മുതൽ 31–12–2022 വരെ സർവ്വീസിൽ നിന്നും വിരമിച്ച WP(C) 22116/2023 നമ്പർ കേസിലെ ഹർജിക്കാരനൊഴികെയുള്ളവർക്ക് പരാമർശം 1, 2 ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള DCRG, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നിവയുടെ ബാക്കി തുക 2025 ഏപ്രിൽ മാസത്തിൽ ഒറ്റ ഗഡുവായി നൽകുന്നതിന് അനുവദിക്കുന്നു.

01–07–2019 മുതൽ 31–12–2022 വരെ സർവ്വീസിൽ നിന്നും വിരമിച്ചവരിൽ, ശ്രീ. ആർ.ജി. രാധാകൃഷ്ണൻ ഒഴികെ, പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്നവരുടെ പെൻഷനിൽ നിന്നും ആനുപാതിക തുക 2025 മെയ് മാസം മുതലുള്ള പെൻഷനിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :–

1. ദേവസ്വം കമ്മീഷണർ – നടപടിക്കായി
2. ചീഫ് എഞ്ചിനീയർ
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
4. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് (തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഡിറ്റ്)
5. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ആഫീസർ – നടപടിക്കായി
7. ഡയറക്ടർ, സാംസ്ക്കാരിക പുരാവസ്തു വകുപ്പ്
8. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
9. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം/ഹരിപ്പാട്/പത്തനംതിട്ട/വൈക്കം
10. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്കും
11. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം/കോട്ടയം/മാവേലിക്കര/എസ്.ഡി.പി. പത്തനംതിട്ട/ ഇലക്ട്രിക്കൽ ഡിവിഷൻ/എസ്റ്റേറ്റ് ഡിവിഷൻ
12. എല്ലാം അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
13. വിജിലൻസ് ആഫീസർമാർക്കും
14. ലെയ്സൺ ആഫീസർ, എറണാകുളം
15. ലാ സെക്ഷൻ, ബോർഡ് ആഫീസ്
16. ശ്രീ. ആർ.ജി. രാധാകൃഷ്ണൻ (ആർദ്രം, AERA -35, അരയല്ലൂർ, എളളുവിള നഗർ, തിരുമല. പി.ഒ, 695 006)
17. പെൻഷൻ സെക്ഷൻ, ബോർഡ് ആഫീസ്
18. ബഹു: പ്രസിഡന്റിന്റെ പെഴ്സണൽ സെക്രട്ടറി
19. ബഹു: മെമ്പറുടെ പെഴ്സണൽ സെക്രട്ടറി
20. സെക്ഷൻ ഫയൽ
21. ഫയൽ ബുക്ക്
22. ഫെയർ ഓഫീസ് കോപ്പി
23. EDP

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK